DESP... 6/3/23



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം695 001
E-mail: sic.ker@nic.in

ഹർജി നമ്പർ CP 1622(1)/SIC/2014 തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 20454/SIC-Gen4/2014)
(792/SIC-G4/2023)
(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

സന്നിഹിതൻ
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
തീയതി: 2023 മാർച്ച് 2

ശ്രീ. ഷിജു വി. പൗലോസ്,
വീപ്പനാത്ത് ഹൗസ്,
കരുമാങ്കുളം, തിരുവാങ്കുളം,
എറണാകുളം-682 305. — പരാതി ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്,
പുത്തൻകുരിശ് പോലീസ് സ്റ്റേഷൻ,
എറണാകുളം – 682 308.

2. ശ്രീ. മുഹമ്മദ് എം.എ.,
മണ്ണുപ്പറമ്പൻ ഹൗസ്,
തെങ്ങോല പി.ഒ.,
പെരുമ്പാവൂർ,
എറണാകുളം – 683 556.

— എതിർകക്ഷികൾ

## ഉത്തരവ്

ബഹു. കേരള ഹൈക്കോടതി WP(C)19582/2015 നമ്പർ കേസ്സിൽ 22.12.2022-ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ സി.പിനം.1622(1)/2014/എസ്.ഐ.സി. നമ്പർ പരാതി ഹർജിയിൽ കമ്മീഷൻ പുറപ്പെടുവിച്ച 16.3.2015-ലെ ഉത്തരവും, 18.4.2015-ൽ പുറപ്പെടുവിച്ച അന്തിമ ഉത്തരവും റദ്ദാക്കി കാര്യങ്ങൾ വീണ്ടും പരിശോധിച്ച് റിട്ട് ഹർജിയിലെ ഹർജിക്കാരനെ നേരിൽ കേട്ട് കോടതി ഉത്തരവ് ലഭിച്ച് നാല് മാസത്തിനകം പുതുതായി ഉത്തരവ് പുറപ്പെടുവിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്.

2. പരാതിക്കാരനായ ശ്രീ. ഷിജു വി.പൗലോസ് സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ 2014 ഡിസംബർ 29–ന് സമർപ്പിച്ചിരുന്ന ഈ പരാതി ഹർജിയിൽ, താൻ 18.9.2014 തീയതി ഒന്നാം എതിർകക്ഷിയുടെ ഓഫീസിൽ സമർപ്പിച്ചിരുന്ന വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ നൽകിയില്ലെന്നും ആയതിനാൽ ബന്ധപ്പെട്ട കാലയളവിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായിരുന്ന രണ്ടാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20–ാം വകുപ്പ് പ്രകാരം മേൽ നടപടികൾ സ്വീകരിക്കണമെന്നും മറ്റും ആവശ്യപ്പെട്ടിരുന്നു. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ എതിർകക്ഷി പൂർണ്ണമായി നൽകിയിട്ടില്ലെന്ന് കമ്മീഷൻ വിലയിരുത്തുകയും തുടർന്ന് 21.3.2015 തീയതി വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് രണ്ടാം എതിർകക്ഷിക്ക് നോട്ടീസ് അയയ്ക്കുകയും ചെയ്തിരുന്നു. ടി വിശദീകരണം തൃപ്തികരമല്ല എന്ന് ബോധ്യപ്പെട്ട് കമ്മീഷൻ രണ്ടാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പുപ്രകാരം 3000/- രൂപ (മൂവായിരം രൂപ) പിഴ ശിക്ഷ വിധിച്ച് 18.4.2015–ൽ ഉത്തരവായി. കമ്മീഷന്റെ 18.4.2015–ലെ അന്തിമ ഉത്തരവുപ്രകാരം രണ്ടാം എതിർകക്ഷി 3000/- രൂപ "0070-60-118-99 Receipts under Right to Information Act, 2005" എന്ന ശീർഷകത്തിൽ ഒടുക്കിയതായി കാണുന്നു. ടി ഉത്തരവിൻമേൽ രണ്ടാം എതിർകക്ഷി ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച WP(C)19582/2015 നമ്പർ കേസ്സിലെ വിധിന്യായത്തിൽ കമ്മീഷന്റെ ടി ഉത്തരവ് റദ്ദാക്കിയിട്ടുള്ളതാണ്.

3. ബഹു. ഹൈക്കോടതി ഉത്തരവുപ്രകാരം രണ്ടാം എതിർകക്ഷിയും റിട്ട് ഹർജിക്കാരനുമായ ശ്രീ. മുഹമ്മദ് എം.എ. യെ വീഡിയോ കോൺഫറൻസ് വഴി കേൾക്കുകയുണ്ടായി. പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ആയിരുന്ന രണ്ടാം എതിർകക്ഷി ടിയാന് കാരണം കാണിക്കൽ നോട്ടീസ് അയച്ച് ടിയാനെ കേൾക്കാതെ ശിക്ഷ നടപ്പിലാക്കിയെന്നും അതുമൂലം ടിയാന് ലഭ്യമാകേണ്ട സ്വാഭാവിക നീതി നിഷേധിച്ചുവെന്നുമാണ് കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്. അപേക്ഷയിൽ ചില ചോദ്യങ്ങൾ വ്യക്തമല്ലാത്തതിനാൽ മറുപടി നൽകാൻ കഴിഞ്ഞില്ലായെന്നും എന്നാൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പക്കൽ ലഭ്യമായ എല്ലാ വിവരങ്ങളും ഹർജിക്കാരന് നൽകുകയുണ്ടായി എന്നും രണ്ടാം എതിർകക്ഷി ഹിയറിംഗ് വേളയിൽ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. നേരിൽ കേട്ട വേളയിൽ രണ്ടാം എതിർകക്ഷി ബോധിപ്പിച്ച വസ്തുതകളും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യുടെ ഭാഗത്തു നിന്നും മനഃപൂർവ്വമായ വീഴ്ച ഉണ്ടായതായി കാണുന്നില്ല. ആയതിനാൽ

ടിയാനെതിരെയുള്ള വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള നടപടികൾ കമ്മീഷൻ അവസാനിപ്പിക്കുന്നു. കൂടാതെ രണ്ടാം എതിർകക്ഷിയ്ക്ക് സ്വാഭാവിക നീതി ലഭ്യമാക്കേണ്ടതുണ്ടെന്ന് കമ്മീഷന് ബോധ്യമായതിനാൽ ശ്രീ. മുഹമ്മദ് എം.എ. പിഴ സംഖ്യയായി അടച്ച 3000/- രൂപ ഒടുക്കിയിട്ടുണ്ടെങ്കിൽ ടിയാന് ആ തുക തിരികെ നൽകാൻ കമ്മീഷൻ ഉത്തരവാകുന്നു. ടി തുക തിരികെ നൽകുന്നതിനുവേണ്ട നടപടി കമ്മീഷൻ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

4. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 മാർച്ച് 2-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

US

us